The Heavenly Light Ministry

ആരാലും അസാദ്ധ്യം എന്നു പറഞ്ഞ്
സ്നേഹിതരേവരും മാറിപ്പോയിടും
പ്രത്യാശയില്ലാത്ത വാക്കു പറഞ്ഞ്
പ്രിയരെല്ലാവരും മാറിപ്പോയീടും

ഭയപ്പെടേണ്ടാ ദൈവ പൈതലേ
അബ്രഹാമിൻ ദൈവം നിന്റെ കൂടെയുണ്ട്
ഭ്രമിച്ചിടേണ്ടാ ദൈവ പൈതലേ
ഇസഹാക്കിൻ ദൈവം നിന്റെ കൂടെയുണ്ട്

വാക്കു പറഞ്ഞവൻ വിശ്വസ്തനായവൻ
മാറാതെപ്പോഴും നിൻ ചാരെയുണ്ട്
അബ്രഹാം ഇസഹാക്ക് യാക്കോബെന്നിവരെ
അനുഗ്രഹിച്ചവൻ കൂടെയുണ്ട് ഭയപ്പെടേണ്ട..

മാറായിൽ കൈപ്പിനെ മാധുര്യമാക്കിയ
മാറ്റമില്ലാത്തൊരു ദൈവമല്ലോ
മരുഭൂമിയിൽ മന്ന ദാനമായ് നല്കി
മക്കളെപ്പോറ്റിയ ദൈവമല്ലോ ഭയപ്പെടേണ്ട...

മോറിയാമലയിലെ യാഗഭൂമിയതിൽ
കുഞ്ഞാടിനെ തന്ന ദൈവമവൻ
ഇസഹാക്കിൻ ദൈവം കരുതിടും ദൈവം
ഇന്നലെയും ഇന്നും മാറാത്തവൻ ഭയപ്പെടേണ്ട...